# വൃദ്ധാലയം

**************

അടുത്ത  വീട്ടിലെ വൃദ്ധൻ മരിച്ചു. അയാളോട് ഞാൻ ഒരിക്കലും സംസാരിച്ചിട്ടില്ല. എന്തിനു ഒന്ന് പുഞ്ചിരിച്ച മുഖത്തോടെ ഞാൻ അയാളെ ഒന്ന് നോക്കിയിട്ട് പോലുമില്ല. അടുത്തടുത്ത വീടുകളിൽ കുറെ ഏറെ നാളുകൾ  കഴിഞ്ഞിട്ടും ഒരു വാക്ക് പോലും മിണ്ടാതെ ഞാൻ എന്റെ കാര്യങ്ങളിൽ മുഴുകി. പകൽ മുഴുവൻ ഞാൻ വീട്ടിൽ ഉണ്ടാകാതെ പുറത്തു കഴിച്ചു കൂട്ടി. എന്റെ തൊഴിലിന്റെ ഭാഗം ആയിട്ടായിരുന്നു അത്. സായാഹ്നങ്ങളിൽ ഞാൻ രബീന്ദ്ര സംഗീതം കേൾക്കുകയോ, എന്റെ ചൂട് മെത്തയിൽ പുതച്ചു മൂടി വെറുതെ കിടക്കുകയാ, അല്ലാത്തപ്പോൾ റേഡിയോയിൽ  കഥകളി പദങ്ങൾ കേൾക്കുകയോ ചെയ്തു സമയം ചിലവഴിച്ചു. വീട്ടിൽ ഉള്ള  സമയങ്ങളിൽ ഞാൻ മുൻവാതിൽ തുറക്കാതെ അകത്തു തന്നെ കഴിച്ചു കൂട്ടി. വാരാന്ത്യങ്ങളിൽ പുറത്തു പോകുകയോ, അല്ലാത്തപ്പോൾ കടുപ്പം കൂട്ടിയ ചായ ഉണ്ടാക്കി ബാൽക്കണിയിൽ ഇരുന്നു മൊത്തി കുടിക്കുകയോ ചെയ്തു പോന്നു.

ഒഴിവു സമയങ്ങളിൽ ഞാൻ ഒരുപാട് മധുര പലഹാരങ്ങൾ ഉണ്ടാക്കി. ഉണ്ടാക്കിയ പലഹാരങ്ങൾ നൽകാൻ എനിക്ക് ആരുമില്ലായിരുന്നു. ഭർത്താവോ, മക്കളോ, സുഹൃത്തുക്കളോ, സഹോദര പുത്രിമാരോ ആരും. എന്റെ വൃദ്ധ മാതാപിതാക്കൾ നാനൂറിലേറെ കിലോമീറ്റർ അകലെ ഒരു ചെറുപട്ടണത്തിൽ കഴിഞ്ഞു പോന്നു. എന്നെങ്കിലും എനിക്കുമൊരു കാമുകൻ ഉണ്ടാകും എന്നും അയാളെ വിവാഹം കഴിച്ചു ഞങ്ങൾ ഒന്നിച്ചു ജീവിക്കും എന്നും അയാളുടെ കൂടെ ബാൽക്കണിയിൽ ഇരുന്നു കടുപ്പം കൂടിയ ചായ ചോക്ലേറ്റ് നിറമുള്ള പൊട്ടുന്ന കപ്പുകളിൽ മൊത്തി കുടിക്കുന്നതും ഞാൻ സ്വപ്നം കണ്ടു. എന്റെ കാമുകന്റെ മുഖവും മുടിയും വരെ എങ്ങനെ ആയിരിക്കണം എന്നത് വരെ ഞാൻ സ്വപ്നം കാണാറുണ്ട്.

ചെറുപ്പം മുതൽക്കേ ഞാൻ ഇങ്ങനൊക്കെ ആയിരുന്നു. എനിക്ക് ആരെയും ഇഷ്ടമല്ലായിരുന്നു. എന്നെ ഇഷ്ടപ്പെട്ടവരെ എല്ലാം ഞാൻ സംശയ ദൃഷ്ടിയോടെ നോക്കി. വെറുതെ ഇരിക്കുമ്പോൾ പുസ്തകം വായിക്കുകയോ, കീറിയ തുണികൾ തയ്ക്കുകയോ ചെയ്തു ഞാൻ സമയം കൊല്ലാൻ തുടങ്ങി. എന്റെ ബാൽക്കണിയിൽ ഒരു പെണ്ണിന് ചേരാത്ത രീതിയിൽ പാരമ്പര്യങ്ങൾക്കു വിരുദ്ധമായി കാലുകൾ മുകളിലെ സിമന്റു തിണ്ണയിൽ  കയറ്റി വെച്ച് ഞാൻ പുസ്തകം വായിക്കുമ്പോൾ ഒക്കെ വൃദ്ധൻ തന്റെ വീടിന്റെ ടെറസിൽ ഉലാത്തുന്നുണ്ടാകും. അയാൾ എന്നെ തുറിച്ചു നോക്കുക പതിവായിരുന്നു. ഞങ്ങൾക്കിടയിൽ ഒരിക്കൽ പോലും നേരിയ ഒരു പുഞ്ചിരി ഉണ്ടായിട്ടില്ല എന്നത് സത്യം.

വെയിൽ മൂക്കാൻ തുടങ്ങുമ്പോ വൃദ്ധൻ പെൺ അടിയുടുപ്പുകളും, അടിപാവാടകളും , മാക്സികളും ടെറസിൽ ഉണക്കാൻ ഇടും. വെയിൽ ആറുമ്പോ അയാൾ അതൊക്കെ പെറുക്കി കൂട്ടി എടുത്തു കൊണ്ട് പോകും. ഓരോ ദിവസവും ടെറസിൽ കയറുമ്പോൾ അയാൾ എന്നെ തുറിച്ചു നോക്കും. അയാളുടെ കയ്യിലെ പെണ്ണുടുപ്പുകൾ കാണുമ്പോൾ ഒക്കെ ഞാൻ ഗൂഡാർത്ഥത്തിൽ ചിരിക്കും. എന്റെ ചിരിക്കു പുച്ഛരസം ആയിരുന്നു എന്ന് എനിക്ക് തന്നെ അറിയാമായിരുന്നു. ടെറസ്സിലെ പരുപരുത്ത തറയിൽ തുണി വിരിക്കുമ്പോളും അയാളുടെ കണ്ണുകൾ എന്റെ മുഖത്ത് ആകും. ഇനി ഞാൻ ബാൽക്കണിയിൽ ഇല്ലെങ്കിലോ... ബാൽക്കണിയിലേക്കു തുറക്കുന്ന എന്റെ ജനലിലേക്ക് അയാൾ തുറിച്ചു നോക്കും. അകത്തെ ഇരുട്ടിൽ നിന്നും ഇത് കണ്ട് ഞാൻ ആസ്വദിക്കും. എനിക്ക് സമയം പോക്കാൻ ഒരു ഉപാദി ആയിരുന്നു ആ വൃദ്ധൻ. ജനലിലെ ഇരുട്ടിലേക്കു ചൂഴ്ന്നു നോക്കുകയോ അല്ലാത്തപ്പോൾ  ബാൽക്കണിയിൽ മുഴുവൻ തന്റെ നരച്ച കണ്ണ് കൊണ്ട് ഉഴിഞ്ഞു അയാൾ തന്റെ കയ്യിലെ പെണ്ണുടുപ്പുകൾ ടെറസിൽ വിരിക്കും. അപ്പോഴൊക്കെ അയാളുടെ പ്രവൃത്തികൾ കണ്ടു ഞാൻ ആർത്തു ചിരിക്കും.

മറ്റൊരിക്കൽ......അന്ന് നല്ല മഴ ഉള്ള ദിവസം ആയിരുന്നു. വൃദ്ധൻ തന്റെ ടെറസിൽ   മോടി പിടിപ്പിക്കാൻ ആയി നിർമിച്ച  മരം കൊണ്ടുള്ള  വെള്ള കൊക്കുകളെ  കുളിപ്പിക്കുക ആയിരുന്നു. അന്ന് അയാളുടെ ഒരു കയ്യിൽ കുട ഉണ്ടായിരുന്നു. മറുക്കയ്യിൽ ഒരു ചകിരി ചുരുട്ടി പിടിച്ചിരുന്നു. കൊക്കിന്റെ വെളുത്ത ദേഹത്ത് ചകിരി കൂട്ടിപിടിച്ചു ഉരക്കുമ്പോളും അയാളുടെ കണ്ണുകൾ ബാൽക്കണിയിൽ നിന്നിരുന്ന എന്റെ മുഖത്ത് ആയിരുന്നു. ഞാൻ ഗൂഡാർത്ഥത്തിൽ അയാളെ നോക്കി

ചിരിച്ചു. എന്റെ ഓരോ പ്രവൃത്തികളും അയാളെ ദേഷ്യം പിടിപ്പിച്ചിരുന്നു എന്ന് വേണം അനുമാനിക്കുവാൻ.

വൃദ്ധനും ഭാര്യയും മാത്രം ആയിരുന്നു ആ വലിയ വീട്ടിൽ ഉണ്ടായിരുന്നത് എന്ന് തോനുന്നു. ആ വീട്ടിൽ ആരും വിരുന്നു വരുന്നതു ഇന്ന് വരേയ്ക്കും ഞാൻ കണ്ടിട്ടില്ല. മുറ്റത്തു നിറയെ പ്ലാവും, നാരകവും, പുളിയും തഴച്ചു വളർന്നിരുന്നു. പ്ലാവിൽ നിറയെ ചക്കകൾ പഴുത്തു തൂങ്ങി നിന്നിരുന്നു.

മത്സ്യത്തിന്റെ മുഖച്ഛായ തോന്നിയിരുന്നു എനിക്ക് ആ സ്ത്രീയെ കാണുമ്പോൾ ഒക്കെ. ശല്ക്കങ്ങൾ ഒക്കെ നഷ്ടപ്പെട്ട ഒരു മത്സ്യം. അവരുടെ തലയിലെ അവശേഷിച്ച മുടി പകുതി പഞ്ഞി കണക്കെ വെളുത്തും പകുതി മഞ്ഞ നിറത്തിലും കാണപ്പെട്ടു.

രാവിലെ ഞാൻ നടക്കാൻ പോയി വരുമ്പോ ഒക്കെ വൃദ്ധൻ മുറ്റത്തു ഉലാത്തുക ആകും. വൃദ്ധ ഉമ്മറത്തെ ചൂരൽ കസേരയിൽ ഇരുന്നു റോഡിലൂടെ പോകുന്നവരെ വീക്ഷിച്ചു കൊണ്ടിരിക്കും. തൊപ്പിയും വെച്ച് കൊണ്ട് പകുതി ഓടിയും പകുതി നടന്നും വന്നിരുന്ന എന്നെ കാണുമ്പോഴൊക്കെ അവർ കണ്ണെടുക്കാതെ നോക്കുന്നത് കാണാറുണ്ട്.

സായാഹ്നങ്ങളിൽ വൃദ്ധൻ ഒരു ഇരുമ്പ് കമ്പിയും കുത്തി പിടിച്ചു മുറ്റത്തു നടക്കും. വീട്ടുമുറ്റത്തു കായ്ച്ചു നിൽക്കുന്ന മാവ്, പ്ലാവ്, പുളി, നാരകം എന്നിവയുടെ ഒക്കെ ഉണങ്ങിയ ഇലകൾ വൃദ്ധൻ കുത്തി കളയും. ഭൂമിയിലേക്ക് കുനിഞ്ഞു ഇലകൾ പെറുക്കി എടുക്കാൻ വൃദ്ധന് പ്രയാസം ആയിരുന്നു. അപ്പോഴൊക്കെ വൃദ്ധ മാസികകൾ വായിക്കുകയോ ശൂന്യതയിലേക്ക് തന്നെ നോക്കി ഇരിക്കുകയാ ചെയ്യും.

വൃദ്ധ ഒരിക്കലും ഒരു ജോലിയും ചെയ്യുന്നത് കണ്ടിട്ടില്ല. പലചരക്കു കടയിൽ പറ്റു പറഞ്ഞ് വീട്ടു സാമാനങ്ങൾ വാങ്ങുകയും ആഹാരം പാചകം ചെയ്യുകയും ചെയുന്നത് വൃദ്ധൻ ആണെന്ന് തൊട്ടടുത്തുള്ള കടക്കാരൻ പറഞ്ഞു. ജോലി ഇല്ലാത്തപ്പോൾ ഒക്കെ വൃദ്ധൻ ഒന്നുകിൽ മുറ്റത്തു ഗേറ്റ് നോട് ചേർന്ന് കസേര ഇട്ടു റോഡിലൂടെ പോകുന്നവരെ വീക്ഷിക്കും. അല്ലാത്തപ്പോൾ തന്റെ ഫോണിൽ ആരെയെങ്കിലും കുത്തി വിളിച്ചു ഒരിക്കലും വരാത്ത ബന്ധുക്കളെ കുറിച്ച് ചീത്ത വിളിക്കുന്നത് കേൾക്കാം. ഞാൻ അതെല്ലാം ശ്രദ്ധിക്കുന്നു എന്ന് മനസിലാക്കുമ്പോൾ ഒക്കെ അയാൾ തന്റെ നരച്ച കണ്ണുകളാൽ എന്നെ തുറിച്ചു നോക്കും.

രാവിലെ ഒരു ഗ്ലാസ് പാലും ഓരോ മുട്ടയും ആണ് വൃദ്ധന്റെയും വൃദ്ധയുടെയും പ്രഭാത ഭക്ഷണം. ഒരിക്കലും തങ്ങളെ കാണാൻ വരാത്ത... വിദേശത്ത് എവിടെയോ സുഖമായി കഴിയുന്ന മകനും,മരുമകളും ഇന്ന് വരെ നേരിൽ കാണാത്ത കൊച്ചുമക്കളും എന്നെങ്കിലും വരുമെന്നും അന്ന് പറ്റു തീർത്തു തരാം എന്നും ഉള്ള ഉറപ്പിൽ പലചരക്കു കടക്കാരൻ ഒരു മുഷിപ്പും കൂടാതെ സാധനങ്ങൾ കൊടുത്തു കൊണ്ടേയിരുന്നു.

ഒരു ഉച്ച നേരത്തു എഴുതി കഴിഞ്ഞ കുറെ കടലാസ്സുകളും, പഴയ വർത്തമാന പത്രങ്ങളും കത്തിക്കാൻ ആയി ഞാൻ മുറ്റത്തു ഇറങ്ങി. കടലാസ്സിന് തീ കൊടുത്തപ്പോൾ മതിലിന്റെ അടുത്ത് വൃദ്ധന്റെ തല പ്രത്യക്ഷപെട്ടു.

"ഇവിടെ കത്തിക്കാൻ പാടില്ല. എനിക്ക് ശ്വാസം മുട്ടൽ ഉണ്ടാകും." ഞാൻ ഒന്നും മിണ്ടാതെ നോക്കി നിന്നു.

അപ്പോ അയാൾ വീണ്ടും ഉറക്കെ പറഞ്ഞു.

"എനിക്ക് ശ്വാസ കോശത്തിൽ അർബുധം ആണ്. ഞാൻ പേഷ്യന്റ് ആണ്. ഇവിടെ കത്തിക്കാൻ പാടില്ല.' ഞാൻ അയാളെ തറപ്പിച്ചു നോക്കികൊണ്ട് അകത്തേക്ക് കയറി പോയി.

അയാൾ ശ്വാസ കോശത്തിൽ ക്യാൻസറും ചുമന്നു നടക്കുന്ന ഒരു രോഗി ആണെന്ന് അറിഞ്ഞപ്പോൾ മുതൽ എനിക്ക് അദ്ദേഹത്തോട് കുറച്ചു അലിവ് തോന്നി തുടങ്ങിയിരുന്നു.

പക്ഷെ ഒരു ദിവസം ഞാൻ വീട്ടിൽ ഇല്ലെന്നു കരുതിയിട്ടോ എന്തോ അയാൾ എന്റെ മതിലിനോട് ചേർന്ന് എന്തൊക്കെയോ പ്ലാസ്റ്റിക് മാലിന്യം കൂട്ടി ഇട്ടു കത്തിച്ചിരുന്നു. പാൽ കവറുകളും, സൺഫ്ലവർ ഓയിൽ കവറുകളും, സൺലൈറ്റ് പൌഡർ കവറുകളുടെയും അവശിഷ്ടങ്ങൾ പാതി കത്താതെ കിടന്നതു ഞാൻ കണ്ടു പിടിച്ചു.രൂക്ഷ ഗന്ധം ആയിരുന്നു ചുറ്റുപാടും. 'വെറുതെ അല്ല കിഴവന് കാൻസർ വന്നത്' എന്ന് ഉള്ളിൽ പറഞ്ഞ് അയാളെ ഞാൻ ചൂഴ്ന്നു നോക്കും.

അപ്പോഴൊക്കെ എന്തോ കള്ളത്തരം ചെയ്തു പിടിക്കപ്പെട്ട ഒരു കുട്ടിയെ പോലെ അയാൾ അകലേക്ക് നോക്കി നില്കും.

മാസാവസാനം ഹരിത കർമ്മ സേന വരുമ്പോ വൃദ്ധൻ അവരെ ആട്ടിയോടിക്കും.

"ഞങ്ങൾക്ക് പ്ലാസ്റ്റിക് ഇല്ല. ഞങ്ങൾ രണ്ടാളുകളെ ഉള്ളൂ. ഞങ്ങൾ പാൽ, കുപ്പിയിൽ ആണ് വാങ്ങുക. ഞങ്ങൾ വീട്ടുസാധനങ്ങൾ വാങ്ങാറില്ല. നിങ്ങൾ ഞങ്ങളെ ശല്യം ചെയ്തു പൈസ വാങ്ങിയാൽ ഞാൻ ഹ്യൂമൻ റൈറ്സ് കമ്മീഷൻ ന് പരാതി കൊടുക്കും.

എല്ലാ മാസവും ഹരിത കർമ്മസേന പിറു പിറുത് കൊണ്ട് കടന്നു പോകും.

ദിവസങ്ങൾ പലതും കടന്നു പോയപ്പോൾ വൃദ്ധനെ കുറെ നാളായി പുറത്തെങ്ങും കാണാതെ ആയി. ഇടയ്ക്കു എന്റെ വീടിന്റെ വശങ്ങളിലേക്ക് തുറക്കുന്ന ജാലകത്തിന്റെ അടുത്ത് അയാളുടെ നിഴൽ കാണാം. ഒരിക്കൽ ഞാൻ സൂക്ഷ്മമായി നോക്കിയപ്പോൾ ആ നിഴൽ അനങ്ങുന്നത് കണ്ടു.വൃദ്ധൻ മറവിൽ നിന്നും എന്നെ നോക്കുക ആയിരുന്നിരിക്കാം. കുറെ ഏറെ നാളുകൾ പിന്നെയും വൃദ്ധനെ കണ്ടില്ല. കടുത്ത അഭിമാന ബോധം ഉള്ളിൽ ഉള്ളത് കൊണ്ട് വൃദ്ധനെ കുറിച്ച് ഞാൻ ആരോടും ചോദിക്കാൻ പോയില്ല. ഈ ദിവസങ്ങളിൽ എന്റെ മനസും അസ്വസ്ഥം ആയിരുന്നു.

കുറെ നീണ്ട ഇടവേളയ്ക്കു ശേഷം പുതിയ ഒരു കഥാപാത്രം ആ വീട്ടിൽ പ്രത്യക്ഷപെട്ടു. കറുത്തു തടിച്ച ഭീമാകാര രൂപം ഉള്ള ഒരു സ്ത്രീ ആയിരുന്നു അത്.

ആ സ്ത്രീയെ ഞാൻ എനിക്ക് കേൾക്കാൻ വേണ്ടി മാത്രം 'ഹിടുംബി' എന്ന് വിളിച്ചു. അവർ കഴുത്തിലൊ കാതിലോ ആഭരണങ്ങൾ ഇടാതെ തന്റെ തടിച്ച ശരീരവും താങ്ങി പിടിച്ചു കൊണ്ട് ഒരു താറാവിനെ പോലെ ആ വീടിനകത്തും പുറത്തും ഒഴുകി നടന്നു. വൃദ്ധ ദമ്പതികളെ സഹായിക്കാൻ വന്ന സ്ത്രീ ആയിരുന്നു അവർ. വൃദ്ധന്റെ രോഗം മൂർച്ഛിച്ചപ്പോൾ മരണശേഷം മാത്രമേ നാട്ടിലേക്കു വരുള്ളൂ എന്ന് പറഞ്ഞ് വിദേശത്തുള്ള മകൻ ഏതോ ഏജൻസിയിൽ നിന്നും കൊടുത്തയച്ച സമ്മാനം ആയിരിക്കണം ആ ഹിടുംബി.

ഹിടുംബി അടിയുടപ്പുകൾ ധരിക്കാറില്ല എന്ന് ഒറ്റ നോട്ടത്തിൽ കണ്ടപ്പോൾ തന്നെ അറിയാൻ സാധിച്ചിരുന്നു. ഒന്നുകിൽ അവർ ചളി നിറമുള്ള അവരുടെ ഒറ്റ ഉടുപ്പ് ഇരുവശത്തു നിന്നും കൂട്ടി പിടിച്ചു വലിയ വയറിനു മുകളിൽ കെട്ടി വെക്കും. അല്ലാത്തപ്പോൾ ഒക്കെ അവർ അവരുടെ വലിയ നിതംബം പ്രദർശന വസ്തു പോലെ ആക്കി കുനിഞ്ഞു നിന്ന് പുല്ലു പറിക്കുന്നത് കാണാം.

വൃദ്ധന്റെ വീട്ടുമുറ്റത്തെ പ്ലാവ് ആ വർഷം നിറയെ കായ്ച്ചു. മുപ്പതോ നാല്പതോ ഭീമൻ ചക്കകൾ അതിൽ കായ്ച്ചു കിടന്നു. വലിയ ലോറികളിൽ തമിഴന്മാർ ചക്ക വിൽക്കുന്നുണ്ടോ എന്ന് ചോദിച്ചപ്പോൾ ഒക്കെ വൃദ്ധൻ അവരെ ആട്ടിയോടിച്ചു. അയൽ വാസികൾ ചക്ക ചോദിച്ചു വന്നപ്പോൾ ഒക്കെ വൃദ്ധൻ വൃദ്ധയുടെ അനുവാദം ചോദിക്കാൻ പോകുന്നതും നിഷേധാർത്ഥത്തിൽ തല ആട്ടുന്നതും കാണാൻ തുടങ്ങി.

ആ സമയത്തു ആണ് പൂച്ച ശല്യം എന്നെ അലട്ടി തുടങ്ങിയത്. ഓരോ അവധി കഴിഞ്ഞു വരുമ്പോളും എന്റെ ബാൽക്കണി പൂച്ചയുടെ പ്രസവ കേന്ദ്രം ആയി മാറി കൊണ്ടിരുന്നു ഓരോ പ്രസവം കഴിയുമ്പോളും നാലോ അഞ്ചോ കുഞ്ഞുങ്ങളെ അടുത്ത് കിടത്തി അമ്മ പൂച്ച അഭിമാനത്തോടെ എന്നെ നോക്കി. എനിക്ക് അത് വല്ലാത്ത ആഘാതം ആയിരുന്നു. പ്രസവിക്കാത്ത എന്നെ നോക്കി പ്രസവം കഴിഞ്ഞ പൂച്ച നോക്കുമ്പോ അവളുടെ കണ്ണുകളിൽ എന്നോടുള്ള പുച്ഛം ആണോ എന്ന് വരെ എനിക്ക് തോന്നിത്തുടങ്ങിയിരുന്നു. രാത്രികളിൽ കിരീടം വെച്ച പൂച്ചകളെയും മക്കളെയും ഞാൻ സ്വപ്നത്തിൽ ദർശിച്ചു.

പിന്നീട് അങ്ങോട്ട് പൂച്ചയുടെ മൂത്രവും, കാഷ്ടവും എന്റെ ഉമ്മറത്ത് നിരന്തരം കാണാൻ തുടങ്ങി. പൂച്ചയെ തുരത്താൻ ഉരുളൻ കല്ലുകൾ പെറുക്കി വെച്ചും എലി വിഷം വെച്ചും, പല നിറത്തിൽ ഉള്ള കുപ്പികളിൽ വെള്ളം നിറച്ചു വെച്ചെങ്കിലും വൃദ്ധന്റെ വീട്ടിലെ തീറ്റയും കുടിയും കഴിഞ്ഞാൽ പൂച്ചകൾ കൂട്ടത്തോടെ തങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾക്കും പ്രസവിക്കാനും ആയി പുളിമരത്തിലൂടെ വലിഞ്ഞു കയറി എന്റെ ബാൽക്കണിയിൽ തമ്പടിക്കാൻ തുടങ്ങി. അവർക്കു ആരെയും പേടിയില്ലായിരുന്നു. ഇടയ്ക്കു വൃദ്ധൻ എന്നെ ഉപദ്രവിക്കാൻ ആയി മനഃപൂർവം പൂച്ചകളെ അയക്കുന്നത് ആണോ എന്ന് വരെ എനിക്ക് തോന്നി തുടങ്ങിയിരുന്നു.

ഉരുളൻ കല്ലുകൾ പൂച്ചകൾക്കു മേലെ വലിച്ചെറിയുമ്പോൾ ഒക്കെ വൃദ്ധനും പൂച്ചകളും ഒരേ പോലെ പുച്ഛത്തോടെ എന്നെ നോക്കാൻ തുടങ്ങി.

ആയിടക്ക് വൃദ്ധന്റെ രോഗം മൂർച്ഛിച്ചു. അർബുധം അദ്ദേഹത്തിന്റെ ശരീരം ഏതാണ്ട് മുഴുവൻ ആയി കാർന്നു തുടങ്ങി കാണണം. ആംബുലൻസിലോ കാറിലോ ഓട്ടോയിലോ ഒക്കെ വൃദ്ധനെ കഷ്ടപ്പെട്ട് വലിച്ചു കയറ്റിയിരുന്നത് ഹിടുംബി ആയിരുന്നു. അപ്പോഴെല്ലാം വൃദ്ധ ഒന്നും സംഭവിക്കാത്തത് പോലെ ശൂന്യതയിലേക്ക് നോക്കി ഉമ്മറത്ത് കാണും. ഓരോ തവണയും ഇത് ആവർത്തിച്ചപ്പോൾ എന്റെ ഉള്ളം ഉരുകാൻ തുടങ്ങി. ഓരോ തവണയും വൃദ്ധൻ കയറിയ വാഹനം കണ്ണിൽ നിന്നും മറയും വരെ ഞാൻ കാത്തു നിന്നു. രണ്ടു ദിവസം കഴിഞ്ഞാൽ അദ്ദേഹം തിരികെ വന്നു വിശ്രമിക്കാൻ തുടങ്ങി. അപ്പോഴൊന്നും അദ്ദേഹം പുറത്തു ഇറങ്ങാതെ ആയി. അദ്ദേഹത്തിന്റെ വെള്ളയിൽ നീല വാറുള്ള പാരഗൺ ചെരുപ്പുകൾ പുറത്തു കിടക്കുന്നതു കാണാമായിരുന്നു.

പക്ഷെ പഴയ പോലെ വീടിന്റെ ടെറസിൽ കയറുന്ന, മുറ്റത്തു നടന്നു ഇല പെറുക്കുന്ന, കൊക്കുകളെ കുളിപ്പിക്കുന്ന വൃദ്ധനെ പിന്നെ ഒരിക്കലും ഞാൻ കണ്ടതെ ഇല്ല. ജനലിനടുത്തു വെച്ച് അബദ്ധത്തിൽ എന്നെ കണ്ടാൽ പോലും വൃദ്ധൻ കണ്ടില്ലെന്നു നടിച്ചു ഇരുട്ടിൽ മറഞ്ഞു.

ആയിടക്ക് ആണ് വൃദ്ധന്റെ മകനും കുടുംബവും വർഷങ്ങള്ക്കു ശേഷം നാട്ടിൽ വന്നത്. അധിക ദിവസങ്ങൾ ചിലവിടാതെ അവർ മടങ്ങുമ്പോൾ ഇനി വൃദ്ധന്റെ മരണശേഷമേ വരുള്ളൂ എന്ന് ആവർത്തിച്ചു പറഞ്ഞാണ് പോയത് അയൽവാസികൾ അടക്കം പറഞ്ഞു.

നീണ്ട അവധിക്കു നാട്ടിൽ പോയി മടങ്ങിയ ഞാൻ റോഡരികിൽ തല കുത്തനെ കിടക്കുന്ന ഫ്ലെക്സ് കണ്ടാണ് വൃദ്ധൻ മരണപ്പെട്ടിട്ടു ദിവസങ്ങൾ ആയതു അറിഞ്ഞത്. മുകളിലെ ബാൽക്കണിയിൽ ഇരിക്കാൻ എനിക്ക് പിന്നെ തോന്നിയിട്ടില്ല. അവിടെ ഇരിക്കുമ്പോൾ ഒക്കെ തുണി ഉണക്കാൻ ടെറസിൽ കയറി എന്നെ തുറിച്ചു നോക്കിയിരുന്ന വൃദ്ധനെ എനിക്ക് ഓർമ വരും. രാത്രിയിൽ കണ്ണടച്ചാൽ എന്റെ ജനലിലേക്ക് തുറിച്ചു നോക്കി നിൽക്കുന്ന വൃദ്ധന്റെ നരച്ച കണ്ണുകൾ എന്റെ ഉറക്കം കെടുത്തി കൊണ്ടിരുന്നു.

പെരുമഴയത്തു കൊക്കുകളെ കുളിപ്പിക്കുമ്പോ അടക്കി പിടിച്ചു ചിരിച്ചിരുന്ന എന്റെ പ്രവർത്തികൾ അപ്പോൾ മാത്രം ആണ് ക്രൂരം ആയിരുന്നു എന്ന് ഞാൻ ചിന്തിക്കുന്നത്. ആരുമല്ലാതിരുന്നിട്ടും വൃദ്ധന്റെ അസാമീപ്യം എന്റെ മനസ്സിനെ കുത്തി കീറാൻ തുടങ്ങി. വൃദ്ധന്റെ അഭാവത്തിൽ വൃദ്ധയുടെ വസ്ത്രങ്ങൾ ഹിടുംബി ആയിരുന്നിരിക്കണം കഴുകിയിരുന്നത്.

വൃദ്ധൻ മരണപെട്ടപ്പോ വൃദ്ധ കരഞ്ഞില്ല എന്നും വൃദ്ധനെ പെട്ടിയിൽ കിടത്തിയപ്പോ നെറുകയിൽ ചുംബിച്ചു എന്നും ഒരു ശ്രുതി പരന്നിരുന്നു.

വൃദ്ധന്റെ മരണശേഷം വൃദ്ധ പതിവ് പോലെ ഉമ്മറത്ത് ഇരുന്നു പുറത്തു കൂടി പോകുന്നവരെ വീക്ഷിക്കൽ തുടർന്ന് കൊണ്ട് പോയിരുന്നു. പക്ഷെ അതും അധിക ദിവസം നീണ്ടു നിന്നില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ വൃദ്ധ കട്ടിലിനടുത്തു കുഴഞ്ഞു വീണെന്നും മസ്തിഷ്ക്ക മരണം സംഭവിച്ചു എന്നും കോമ സ്റ്റേജിൽ ആണെന്നും പറയുന്നത് കേട്ടു.

വൃദ്ധയും കിടപ്പിൽ ആയതോണ്ട് കൂടി ഹിടുംബി പൂർവാധികം ശക്തമായി ആ വീടിന്റെ അധികാരം പിടിച്ചെടുത്തു. രാജ്ഞിയായി ആ വീട്ടിൽ കഴിഞ്ഞു കൂടിയ അവരെ ചോദ്യം ചെയ്യാൻ അരും ഇല്ലാതായി. ഹിടുംബിയുടെ കൂട്ടുകാർ, ബന്ധുക്കൾ, അവരുടെ കുഞ്ഞുങ്ങൾ, അയൽക്കാർ ഉൾപ്പെടെ സകലരും ആ വീട്ടിൽ എത്തി തുടങ്ങി. എല്ലാവരും അവർക്കിഷ്ടമുള്ള സാധനങ്ങൾ വീട്ടിൽ നിന്നും പറമ്പിൽ നിന്നും എടുത്തു കൊണ്ട് പോകാൻ തുടങ്ങി. ഇതെല്ലാം എന്റെ ബാൽക്കാണിയിൽ ഇരുന്നു വേദനയോടെ ഞാൻ കണ്ടു കൊണ്ടിരുന്നു.

ചിലപ്പോൾ എന്നോട് തന്നെ ഞാൻ പറഞ്ഞ് കൊണ്ടിരുന്നു.

"ഇത്രയേ ഉള്ളൂ മനുഷ്യന്റെ കാര്യം. മനുഷ്യാ നീ മണ്ണാകുന്നു... മണ്ണിലേക്ക് തന്നെ മടങ്ങുക."

പിന്നീട് ആ വീട്ടിൽ ഹിടുംബിയും അവരുടെ രണ്ടു ആൺമക്കളും താമസിക്കാൻ തുടങ്ങി. വൃദ്ധ ദ്രവ രൂപത്തിൽ മാത്രമേ ആഹാരം ട്യൂബ് വഴി സ്വീകരിച്ചിരുന്നുള്ളു എന്നു അവരെ സന്ദർശിക്കാൻ പോയ അയൽക്കാരിൽ ആരോ പറഞ്ഞ്.

എന്റെ വീട്ടിലേക്കു കയറുന്ന സമയത്തു ഒക്കെ ജനലിൽകൂടി കട്ടിലിൽ കിടക്കുന്ന വൃദ്ധയെ എനിക്ക് കാണാമായിരുന്നു. അവരുടെ മുടി പൊഴിഞ്ഞും ശരീരം പെൻസിൽ പോലെ നേർത്തും കാണാമായിരുന്നു. ഇടയ്ക്കു അവർ കൺപീലികൾ ചലിപ്പിക്കുമായിരുന്നു. പിതാവിന്റെ മരണശേഷം വിദേശ നാട്ടിലേക്കു പോയ മകൻ ആയിടക്ക് വീണ്ടും എത്തി. വീടിനു പുറകിലെ സ്ഥലം മുറിച്ചു നല്ല വിലക്ക് വിൽക്കാൻ ആയിരുന്നു ആയാൾ വന്നത്. അവധി സമയങ്ങളിൽ മദ്യപിച്ചും,

അല്ലാത്തപ്പോ തന്റെ കാറിൽ ബോണി എം ന്റെ സംഗീതം ഉറക്കെ വെച്ചുകൊണ്ടോ മുട്ട് വരെ എത്തുന്ന കുട്ടി നിക്കറിൽ കയ്യിൽ സിഗരറ്റുമായി അയാൾ അവിടെ നടന്നിരുന്നു. പിന്നെ ഒരു ദിവസം അയാൾ അപ്രത്യക്ഷൻ ആയി.പിന്നെയും വൃദ്ധ തന്റെ അവസാന ദിവസങ്ങൾ എണ്ണി കൊണ്ട് ഒന്നുമറിയാതെ ഈ ലോകത്തിൽ അവശേഷിച്ചു.

ഒരിക്കൽ റോഡിലൂടെ നടന്നു വന്നിരുന്ന എന്റെ വീടിനു മുൻപിലൂടെ വൃദ്ധയെയും കൊണ്ട് ഒരു ആംബുലൻസ് പാഞ്ഞു പോകുന്നത് കണ്ടു. കുറെ ദിവസങ്ങൾ അവർ ആശുപത്രിയിൽ ആയിരുന്നു. ഇനിയൊരു മടങ്ങി വരവ് ഉണ്ടാകില്ല എന്ന് നാട്ടുകാരും വഴി പോക്കരും ഒന്നിച്ചു പറഞ്ഞു.

നീണ്ട ഓണം അവധിക്കു നാട്ടിൽ പോയി മടങ്ങിയ ഞാൻ വൃദ്ധയുടെ വീട്ടുമുറ്റത്തു കൂട്ടിവെച്ച ഫ്ളക്സുകൾ കണ്ടപ്പോൾ ആണ് അവരുടെയും മരണ വാർത്ത അറിയുന്നത്.

പിന്നീട് ആ വീട് എന്നെന്നേക്കുമായി അടഞ്ഞു കിടന്നു. മുറ്റത്തു കിടന്നിരുന്ന വൃദ്ധന്റെയും വൃദ്ധയുടെയും ചെരുപ്പുകൾ അപ്രത്യക്ഷമായി. മകനും മരുമകളും എന്നെന്നേക്കുമായി വിദേശത്തേക്ക് യാത്രയായി. ഇപ്പോൾ ബാൽക്കണിയിൽ ഇരിക്കുമ്പോൾ  കടുത്ത ശൂന്യത എനിക്ക് തോന്നാറുണ്ട്. നീണ്ട തുലാപെയ്ത്തിലും വൃദ്ധന്റെ വെള്ള കൊക്കുകൾ തല ഉയർത്തി പിടിച്ചു വീടിന്റെ ടെറസിൽ നില്ക്കുന്നത് കാണുമ്പോൾ ഒക്കെ ഞാൻ വൃദ്ധനെ ഓർമിക്കും. രാത്രിയിൽ ഇരുമ്പ് വടി മുറ്റത്തു കുത്തി നടക്കുന്ന ശബ്ദം ചിലപ്പോഴൊക്കെ എന്റെ ഉറക്കം കെടുത്തി. കണ്ണടച്ചാൽ എന്നെ തുറിച്ചു നോക്കുന്ന വൃദ്ധന്റെ നരച്ച കണ്ണുകൾ കാണാൻ തുടങ്ങി. കടുത്ത ഉറക്കമില്ലായ്മയും, വിഷാദവും എന്നെ അസ്വസ്ഥയാക്കി. ഞാൻ ഉറക്കഗുളികകളിൽ അഭയം പ്രാപിക്കാൻ തുടങ്ങി. പിന്നെയും ഒരു പാട് നാളുകൾ ഞാൻ അവിടെ തന്നെ കഴിഞ്ഞു. കടുത്ത ശൂന്യതയോടെ.

ഡോ ദീപ കെ എൻ